(ബി) എങ്കിൽ ആരെല്ലാമാണ് പ്രതികൾ;

(സി) പ്രതികളെ അറസ്റ്റ് ചെയ്തില്ലെങ്കിൽ ഈ കേസിന്റെ പുരോഗതി ഏതു ഘട്ടത്തിലാണ് എന്ന് പറയുമോ?

ഉത്തരം

(എ)-(സി) ഈ സംഭവവുമായി ബന്ധപ്പെട്ട് മഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 691/99 യു/എസ് 363,342,323(11)465 ആർ/ഡബ്ള്യു 34 ഐ.പി.സി.നമ്പർ കേസിന്റെ അന്വേഷണത്തിൽ പരാതിയിൽ പറയുന്ന കാര്യങ്ങൾ ശരിയല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കേസ് ''മിസ്റ്റേക്ക് ഓഫ് ഫാക്റ്റ്'' ആയി പരിഗണിച്ച് 30-1-2000ൽ തീർപ്പാക്കിയിട്ടുള്ളതും ഈ സാഹചര്യത്തിൽ ആരേയും അറസ്റ്റ് ചെയ്യേണ്ടതായി വന്നിട്ടില്ലാത്തതുമാണ്.

വിളവെടുക്കുന്നത് തടസ്സപ്പെടുത്തിയ സംഭവം

83(1566) ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പീലിക്കോട് പഞ്ചായത്തിൽ പടുവളം കാനായി ബാലന്റെ കാറളത്തെ 5 ഏക്കർ സ്ഥലത്ത് തൊഴിലാളികളെക്കൊണ്ട് പണി എടുപ്പിക്കുന്നതും വിളവുകൾ എടുക്കുന്നതും തടസ്സപ്പെടുത്തിയതായി പോലീസിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(സി) ഈ സ്ഥലത്തുനിന്നും നിരന്തരമായി മോഷണം നടത്തുന്നവർക്ക് എതിരെ കേസ് എടുക്കാതിരുന്നതിന്റെ കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥലത്ത് പണി എടുപ്പിക്കുവാനും വിളവ് എടുക്കുവാനും നിയമാനുസൃതമായ സംരക്ഷണം നൽകുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിക്കാര്യം തൊഴിൽ തർക്കത്തെ സംബന്ധിക്കുന്നതിനാലും പോലീസിന് നേരിട്ടെടുക്കാവുന്ന കുറ്റമല്ലാത്തതിനാലും കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ സംഭവവുമായി ബന്ധപ്പെട്ട് ശ്രീ. കാനായി ബാലൻ നൽകിയ പരാതിയെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ട്.

(സി) മോഷണം സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല.

(ഡി) ഇതനുസരിച്ച് പരാതി നൽകിയാൽ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്.

മാരകായുധങ്ങൾ കണ്ടെടുത്ത സംഭവം

84 (1567) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സ്വകാര്യ വ്യക്തികൾ ബോംബും മറ്റ് മാരകായുധങ്ങളും നിർമ്മിക്കുന്നത് കുറ്റകരമാണോ;

(ബി) പാനൂർ, തലശ്ശേരി, കൂത്തുപറമ്പ് പ്രദേശത്ത് പ്രത്യേകമായും കണ്ണൂർ ജില്ലയിൽ പൊതുവായും കണ്ണൂർ ജില്ലയിലെ സമാധാന ശ്രമം ആരംഭിച്ചതിനുശേഷം ഏതെല്ലാം സ്ഥലത്തു നിന്ന് ബോംബോ അതു നിർമ്മിക്കുന്നതിനുള്ള സാമഗ്രികളോ മറ്റു മാരകായുധങ്ങളോ കണ്ടെടുത്തിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഈ കേസുകളുമായി ബന്ധപ്പെട്ട് ആരെയെല്ലാം അറസ്റ്റു ചെയ്തിട്ടുണ്ട്;

(ഇ) ആരെയും അറസ്റ്റ് ചെയ്യാത്ത പക്ഷം അതിനുള്ള കാരണം എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കുറ്റകരമാണ്.

(ബി)&(സി) ഇതു സംബന്ധിച്ച് 54 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

(ഡി)&(ഇ) ഈ കേസുമായി ബന്ധപ്പെട്ടു രണ്ടു പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. മറ്റ് പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റു ചെയ്തിട്ടില്ല.

അനൗൺസ്മെന്റ് നടത്തുന്നതിന് അനുമതി നൽകിയ നടപടി

85(1568) ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെബ്രുവരി ഒന്നിന് കൊല്ലം എസ്.എൻ കോളേജിൽ സംഘർഷം ഉണ്ടായിരുന്നോ;

(ബി) അതേ ദിവസം വൈകിട്ട് കോളേജ് പരിസരത്ത് ആളുകൾ കൂടുന്നതിനുവേണ്ടി ഉച്ചഭാഷിണി ഘടിപ്പിച്ച വാഹനങ്ങളിൽ നഗരത്തിൽ അനൗൺസ്മെന്റ് നടത്തിയെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വാഹനങ്ങളിൽ മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിന് നിയമാനുസൃതം അനുമതി നൽകിയിരുന്നുവോ;

(ഡി) നൽകിയെങ്കിൽ ഏതു ഉദ്യോഗസ്ഥനാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ; എത്ര വാഹനങ്ങൾക്ക് അനുമതി നൽകിയിരുന്നു;

(ഇ) അനുമതി നൽകിയിരുന്നില്ലെങ്കിൽ ഈ വാഹനങ്ങൾ പിടിച്ചെടുക്കുകയുണ്ടായോ; എങ്കിൽ എത്ര വാഹനങ്ങൾ പിടിച്ചെടുത്തു;

(എഫ്) ഇത്തരത്തിൽ നിയമലംഘനം നടത്തിയതിന് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ജി) ഇതു സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly